# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2887 — 15.02.2013 ൽ മറുപടിയ്ക്ക്

### ലാഭകരമല്ലാത്ത സ്ക്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്ക്കൂളുകളിൽ വിദ്യാർത്ഥികൾ കുറയുന്നതിനാൽ ഇത്തരം സ്ക്കൂളുകൾ ലാഭകരമല്ലെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഈ വിഭാഗത്തിൽപ്പെട്ട എത്ര എൽ;പി., യു.പി., ഹൈ-സ്ക്കൂളുകൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ജില്ല തരിച്ചുള്ള വിവരം നൽകുമോ; | (എ) | വിദ്യാർത്ഥികൾ കുറയുന്ന സ്ക്കൂളുകളെ ലാഭകരമല്ലെന്ന് വിലയിരുത്തിട്ടുണ്ട്. സ്ക്കൂളുകളുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇത്തരം സ്ക്കൂളുകളിൽ പഠിക്കുന്നത് പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട കുട്ടികളാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ പഠനം മുടങ്ങാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇത്തരം സ്ക്കൂളുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലും മറ്റു പിന്നാക്കവിഭാഗങ്ങളിലും പെട്ട കുട്ടികൾ കൂടുതലുള്ളതായി കാണുന്നു. സ്ക്കൂളുകൾ ലാഭകരമല്ല എന്ന കാരണത്താൽ നിർത്തലാക്കുന്നതല്ല. വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസ സൗകര്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൂടുതലുള്ള എത്ര സ്ക്കൂളുകൾ ലാഭകരമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്; സ്ക്കൂളിന്റെ പേരും വിദ്യാർത്ഥികളുടെ എണ്ണവും വിശദമാക്കുമോ? | (സി) | പട്ടികജാതി, വിദ്യാർത്ഥികൾ കൂടുതലുള്ള 282 സ്ക്കൂളുകളും പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൂടുതലുള്ള 104 സ്ക്കൂളുകളും ലാഭകരമല്ലാത്തതായി കാണപ്പെടുന്നു. ടി സ്ക്കൂളുകളുടെ പേരും വിദ്യാർത്ഥികളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്